**കേരള സർക്കാർ**

സംഗ്രഹം

ശമ്പള പരിഷ്കരണം 2014 – ധനകാര്യ (പരിശോധന - ടെക്നിക്കൽ വിഭാഗം) വകുപ്പ് - ഉദ്യോഗപ്പേര് ഭേദഗതി ചെയ്യും സ്പെഷ്യൽ അലവൻസ് അനുവദിച്ചും -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (അനോമലി റെക്റ്റിഫിക്കേഷൻ സെൽ) വകുപ്പ്

സ.ഉ.(കൈ)നം.1/2018/(90)/ധന തീയതി, തിരുവനന്തപുരം, 01/01/2018

---

പരാമർശം:- 1.സ.ഉ(സാധാ)നം.7707/2010/ധന തീയതി 22.10.2010.
2.സ.ഉ.(പി)നം.7/2016/ധന തീയതി 20.01.2016

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം ധനകാര്യ (പരിശോധന - ടെക്നിക്കൽ വിഭാഗം) വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകൾ യഥാക്രമം ടെക്നിക്കൽ എക്സാമിനർ, അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ എന്നീ തസ്തികകളായി പുന:നാമകരണം ചെയ്തിരുന്നു. സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളവും മറ്റ് അലവൻസുകളും 01.07.2014 പ്രാബല്യത്തിൽ പുതുക്കി പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ, ധനകാര്യ വകുപ്പിന്റെ ഷെഡ്യൂൾ (Posts held by personnel of other departments), സ്പെഷ്യൽ അലവൻസ് ഷെഡ്യൂൾ (അനക്സർ VIII) എന്നീ തലക്കെട്ടുകൾക്ക് കീഴിൽ വരുന്ന തസ്തികകൾ പരാമർശം (1) പ്രകാരം പുന:നാമകരണം ചെയ്ത തസ്തികകളുമായി വ്യത്യാസമുള്ളതായി കാണുന്നു. പരാമർശം(2) ഉത്തരവിലെ ധനകാര്യ വകുപ്പിന്റെ സ്പെഷ്യൽ അലവൻസ് ഷെഡ്യൂളിൽ (അനക്സർ VIII), അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ തസ്തിക ഉൾപ്പെടുത്തിയിട്ടില്ല.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

(i) ധനകാര്യ സെക്രട്ടറിയേറ്റ് ഷെഡ്യൂളിലെ (Post held by personnel of other departments) തസ്തികകളായ ടെക്നിക്കൽ ഓഫീസർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ തസ്തികകൾക്ക് പകരമായി ടെക്നിക്കൽ എക്സാമിനർ (സിവിൽ, ഇലക്ട്രിക്കൽ), അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ, ഇലക്ട്രിക്കൽ,മെക്കാനിക്കൽ) എന്നീ തസ്തികകൾ ചേർക്കുന്നു.

(ii) പത്താം ശമ്പള പരിഷ്കരണ ഉത്തരവിൽ സ്പെഷ്യൽ അലവൻസ് ഷെഡ്യൂളിൽ (അനക്സർ VIII) ധനകാര്യ വകുപ്പിന്റെ കീഴിൽ ഉൾപ്പെട്ടിരിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ/ടെക്നിക്കൽ ഓഫീസർ, അസിസ്റ്റന്റ് - എക്സിക്യൂട്ടീവ് എഞ്ചിനീയർ/ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകൾക്ക് പകരമായി ടെക്നിക്കൽ എക്സാമിനർ (സിവിൽ, ഇലക്ട്രിക്കൽ), അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ(സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ) എന്നീ തസ്തികകൾ യഥാക്രമം ചേർക്കുന്നു. പ്രസ്തുത ഷെഡ്യൂളിലെ അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് ടെക്നിക്കൽ ഓഫീസർ എന്ന തസ്തിക നീക്കം ചെയ്യുന്നു.

(iii) ടെക്നിക്കൽ എക്സാമിനർ (സിവിൽ, ഇലക്ട്രിക്കൽ), അസിസ്റ്റന്റ് ടെക്നിക്കൽ എക്സാമിനർ (സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ) എന്നീ തസ്തികകൾക്ക് യഥാക്രമം 350/-, 250/- രൂപ എന്ന നിലവിലെ നിരക്കുകളിൽ പ്രതിമാസം സ്പെഷ്യൽ അലവൻസ് അനുവദിക്കുന്നു.

(iv)സ്പെഷ്യൽ അലവൻസ് ഷെഡ്യൂളിൽ (അനക്സർ VIII) ധനകാര്യ വകുപ്പിന്റെ കീഴിൽ അസിസ്റ്റന്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ എന്ന തസ്തിക ഉൾപ്പെടുത്തുകയും ടി തസ്തികയ്ക്ക്

400/- രൂപ പ്രതിമാസ നിരക്കിൽ സ്പെഷ്യൽ അലവൻസ് അനുവദിക്കുയും ചെയ്യുന്നു.

3) തസ്തികകൾ ഉൾപ്പെടുത്തിയതിനും നീക്കം ചെയ്തതിനും 01.07.2014 മുതലും സ്പെഷ്യൽ അലവൻസിന് 01.02.2016 മുതലും പ്രാബല്യം ആയിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജി. അശോക് കുമാർ**
ജോയിന്റ് സെക്രട്ടറി(ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ജി & എസ്.എസ്.എ)
കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഇ & ആർ.എസ്.എ),കേരള,
തിരുവനന്തപുരം
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
ഗവൺമെന്റ് സെക്രട്ടറിമാർ, സ്പെഷ്യൽ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ,
ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
ചീഫ് ടെക്നിക്കൽ എക്സാമിനർ, ധനകാര്യ(ഇൻസ്പെക്ഷൻ-ടെക്നിക്കൽ വിഭാഗം) വകുപ്പ്
ധനകാര്യ (അക്കൗണ്ട്സ് - എ & ബി, ഭരണം- എ,ബി,സി, രഹസ്യ വിഭാഗം) വകുപ്പുകൾ
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവരവും പൊതുജന സമ്പർക്കവും വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇ-321207)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ